# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - കാലാവധി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(സാ) നം.375/14/തസ്വഭവ. തിരുവനന്തപുരം, തീയതി 11-02-2014

---

പരാമർശം:-

1. 25-01-2011-ലെ സ. ഉ (അ) നം. 24/11/തസ്വഭവ നമ്പർ ഉത്തരവ്.
2. 27-02-2012-ലെ സ. ഉ (സാധാ) നം. 612/12/തസ്വഭവ നമ്പർ ഉത്തരവ്.
3. 23-01-2013-ലെ സ. ഉ (സാധാ) നം. 191/13/തസ്വഭവ നമ്പർ ഉത്തരവ്.
4. 24-07-2013-ലെ സ. ഉ (സാധാ) നം. 1953/13/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പിലാക്കുന്നത് രണ്ട് വർഷത്തേയ്ക്ക് നീട്ടി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടി സമയപരിധി 2 തവണ കൂടി 6 മാസം വീതം ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (3) ഉം (4)ഉം പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത സമയപരിധി 24-01-2014-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ പരാമർശം (1) ലെ വിജ്ഞാപനം നടപ്പിലാക്കുന്നത് 25-01-2014 മുതൽ 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**(ജെയിംസ് വർഗ്ഗീസ്)**

പ്രിൻസിപ്പൽ സെക്രട്ടറി.

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
3. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ